# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 119** **28.11.2018-ൽ മറുപടിക്ക്**

## സംഘപരിവാർ അതിക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. കെ. യു. അരുണൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എം. മുകേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സുപ്രീംകോടതി വിധി നടപ്പാക്കുന്നതിന്റെയും പൗരന് ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെയും പേരിൽ, ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരിനെ താഴെയിറക്കുമെന്ന് പരസ്യമായി ഭീഷണി മുഴക്കുന്നത്, ഇന്ത്യൻ ഭരണഘടനയെയും പൗരസ്വാതന്ത്ര്യത്തെയും നിയമവാഴ്ചയെയും അംഗീകരിക്കാത്ത ബി.ജെ.പി. -സംഘപരിവാർ കാഴ്ചപ്പാടിന്റെ ഭാഗമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തങ്ങൾക്കെതിരായ പ്രതിരോധങ്ങളെ ദുർബലമാക്കാനുള്ള ഗൂഢ രാഷ്ട്രീയ അജൻഡയുടെ ഭാഗമായി സംഘപരിവാർ അക്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ശബരിമല യുവതീപ്രവേശന വിഷയത്തിന്റെ പേരിൽ കേരളത്തിൽ വർഗ്ഗീയത വളർത്താനും കലാപം സൃഷ്ടിക്കാനും വിവിധ നവോത്ഥാന മുന്നേറ്റങ്ങളിലൂടെയും കർഷക, തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഇടപെടലിലൂടെയും നേടിയെടുത്ത ജനാധിപത്യപരമായ മുന്നേറ്റങ്ങളെ തകർക്കാനുമുള്ള ബി.ജെ.പി. - സംഘപരിവാർ നീക്കങ്ങളെ പ്രതിരോധിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) നിയമ വിരുദ്ധ പ്രവർത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**